# പതിനാലാം കേരളനിയമസഭ
## പത്താം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1636 | 07.03.2018-ൽ മറുപടിക്ക് |
|---|---|

## സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷ

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി. പി. അയിഷാ പോറ്റി<br>ശ്രീ. പി. ഉണ്ണി<br>,, പി.ടി.എ. റഹീം<br>,, ജോൺ ഫെർണാണ്ടസ് | പിണറായി വിജയൻ<br>മുഖ്യമന്ത്രി |

| | | | |
|---|---|---|---|
| (എ) | രാജ്യത്താകെ സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുള്ള പീഡനങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ സംസ്ഥാനത്ത് സ്ത്രീകളെയും കുട്ടികളെയും സംരക്ഷിക്കുന്നതിനായി ആഭ്യന്തര വകുപ്പ് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടു വരുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനുകളിലും വനിതാ ഹെൽപ്പ് ഡെസ്ക്, പിങ്ക് ബീറ്റ് സംവിധാനം, പഞ്ചായത്ത് ബീറ്റ് സംവിധാനം, സെൽഫ് ഡിഫൻസ് പദ്ധതി, ജനമൈത്രി ബീറ്റ് സംവിധാനം എന്നിവയിലൂടെ സ്ത്രീകളുടെയും കുട്ടികളുടെയും നേർക്കുള്ള പീഡനങ്ങൾ അമർച്ച ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ സ്കൂൾ/കോളേജ് പ്രൊട്ടക്ഷൻ ഗ്രൂപ്പുകൾ, പരാതി അദാലത്തുകൾ, ആന്റി വിമൺ ഹരാസ്മെന്റ് സെൽ, രാത്രിയിൽ ഒറ്റപ്പെട്ടുപോകുന്ന സ്ത്രീകൾക്കായി Short Stay Homes സംവിധാനം, പഞ്ചായത്ത് തലത്തിൽ പരാതികൾ വനിതാ പോലീസ് ഉദ്യോഗസ്ഥർ നേരിട്ട് സ്വീകരിക്കുക തുടങ്ങിയ പദ്ധതികളും നടപ്പിലാക്കിവരുന്നുണ്ട്. കൂടാതെ പൊതുസ്ഥലങ്ങളിലും മറ്റും സ്ത്രീകളോടും കുട്ടികളോടും അപമര്യാദയായി പെരുമാറുന്നവരെ കണ്ടെത്തുന്നതിനായി മഫ്തിയിൽ വനിതാ പോലീസ് ഉദ്യോഗസ്ഥരെ നിയോഗിച്ചുവരുകയും, സ്ത്രീകൾ ജോലിചെയ്തുവരുന്ന സ്ഥലങ്ങളിൽ റിഡ്രസൽ സെൽ രൂപീകരിക്കുകയും പരാതിപ്പെട്ടികൾ സ്ഥാപിക്കുകയും മാസംതോറും മീറ്റിംഗുകൾ നടത്തുകയും പരാതികളിൽ ശക്തമായ നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു. സംസ്ഥാനത്ത് കുട്ടികൾക്കെതിരെയുള്ള പീഡനങ്ങൾ തടയുന്നതിനായി |

| | | | |
|---|---|---|---|
| | | | 6 ശിശുസൗഹൃദ പോലീസ് സ്റ്റേഷനുകൾ ആരംഭിച്ചിട്ടുണ്ട്. 19 പോലീസ് ജില്ലകളിൽ ഓരോന്നിലും 3 എണ്ണം child friendly പോലീസ് സ്റ്റേഷൻ ആക്കി മാറ്റുന്നതിനുള്ള നടപടികൾ പ്രാരംഭ ഘട്ടത്തിലാണ്. |
| (ബി) | പോലീസ് സ്റ്റേഷനുകളെ സ്ത്രീ സൗഹൃദ പോലീസ് സ്റ്റേഷനുകളാക്കി മാറ്റുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; | (ബി) | പോലീസ് സ്റ്റേഷനുകളെ സ്ത്രീ സൗഹൃദ പോലീസ് സ്റ്റേഷനുകളാക്കി മാറ്റുന്നതിനായി വനിതാ ഹെൽപ്പ് ഡെസ്കുകൾ സ്ഥാപിച്ചും വനിതാ പോലീസ് ഉദ്യോഗസ്ഥരുടെ സേവനം ഉറപ്പുവരുത്തിയും പോലീസ് സ്റ്റേഷനുകളെ സ്ത്രീ സൗഹൃദ പോലീസ് സ്റ്റേഷനുകളാക്കി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഓരോ താലൂക്ക് ആസ്ഥാനത്തും വനിതാ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള ശുപാർശ സർക്കാരിന്റെ പരിഗണനയിലാണ്. |
| (സി) | വനിതാ പോലീസിന്റെ നിയമനം, പ്രമോഷൻ, സ്ഥലം മാറ്റം എന്നിവ സംബന്ധിച്ചുള്ള എന്തെല്ലാം നടപടിക്രമങ്ങളാണ് ലഘൂകരിച്ച് നൽകിയിട്ടുള്ളതെന്ന് അറിയിക്കുമോ? | (സി) | വനിതാ പോലീസിന്റെ നിയമനം സംബന്ധിച്ച് 11/9/1986 തീയതിയിലെ സ.ഉ.(പി) നം.203/86/ആഭ്യ. പ്രകാരം റിക്രൂട്ട്മെന്റ് റൂൾസ് നിലവിലുണ്ട്. 01.03.2011 തീയതിയിലെ സ.ഉ.(പി) നം.83/2011/ആഭ്യ. പ്രകാരം വനിതകളുടെ അന്തർജില്ലാ സ്ഥലംമാറ്റം സംബന്ധിച്ച് one time arrangement വ്യവസ്ഥയിൽ താൽക്കാലികമായി ഇളവ് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ